# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1693 — 01.11.2019 ലെ മറുപടിക്ക്

**മൂന്നാർ പഞ്ചായത്തിലെ വിവാദ കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ പഞ്ചായത്തിലെ വിവാദ കെട്ടിട നിർമ്മാണപ്രവർത്തനങ്ങളിൽ ദേവികുളം എം.എൽ.എ. ഉൾപ്പെടെയുള്ളവർ സ്വീകരിച്ച നടപടി നിലവിലുള്ള കോടതി ഉത്തരവിന്റെ ലംഘനമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇവർക്കെതിരെ കോടതി അലക്ഷ്യനടപടി സ്വീകരിക്കുവാൻ സർക്കാർ ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഹൈക്കോടതി ഉത്തരവ് ലംഘിച്ച് മൂന്നാർ പഞ്ചായത്ത് നടത്തിയ നിർമ്മാണപ്രവർത്തനം നിർത്തിവയ്പ്പിക്കുവാൻ എത്തിയ ദേവികുളം സബ്കളക്ടറെ പൊതുജനമധ്യത്തിൽ ദേവികുളം എം.എൽ.എ അപമാനിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്; ഇതിന്മേൽ ഇടുക്കി ജില്ലാ കളക്ടറുടെ വിശദമായി റിപ്പോർട്ട് റവന്യൂ വകുപ്പ് പരിശോധിച്ചു വരുന്നു. |
| (ഡി) പ്രളയബാധിത പ്രദേശങ്ങളിൽ വിദഗ്ധ സമിതി ശാസ്ത്രീയ പഠനം നടത്താതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകരുതെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ഡി) പ്രളയ ബാധിത പ്രദേശങ്ങളിൽ സർക്കാരിന്റെ ശാസ്ത്രീയ പഠനം പൂർത്തിയാകുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ലെന്ന് 30.08.2019-ലെ ഡി.ബി.1/521/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) 2018 ആഗസ്റ്റിലെ പ്രളയത്തിൽ അഞ്ച് ദിവസം മുങ്ങിക്കിടന്ന പ്രദേശത്ത് ശാസ്ത്രീയ പഠനം നടത്താതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) മൂന്നാറിലെ ടാക്സി സ്റ്റാൻഡ് കാലപ്പഴക്കത്താൽ നശിച്ച് പോയിട്ടുള്ള സാഹചര്യത്തിൽ ആയത് ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന് തീരുമാനിച്ച് പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. ടാക്സി സ്റ്റാൻഡ് പുനർനിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടാക്സി സ്റ്റാൻഡ് താൽക്കാലികമായി ഷീറ്റിട്ട് പുനർനിർമ്മിക്കുന്ന പ്രവൃത്തിക്ക് പൊതു ആവശ്യം പരിഗണിച്ച് നിലവിലുള്ള നിർമ്മാണ നിയന്ത്രണങ്ങൾക്കും കോടതി ഉത്തരവുകൾക്കും വിധേയമായി നടപ്പാക്കണമെന്ന ഉപാധിയോടെ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും 01.04.2019-ൽ നിരാക്ഷേപ |

സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതാണ്. മൂന്നാർ ടൗണിൽ അടിസ്ഥാന സൗകര്യ വികസനം മുൻനിർത്തി പൊതുജനങ്ങളുടെയും വിനോദസഞ്ചാരികളുടെയും ഉപയോഗത്തിനായി മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടുകൂടി രണ്ട് കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ